To witness to His love and compassion

# KANNUR DIOCESAN GAZETTE
# കണ്ണൂർ രൂപതാ ഗസറ്റ്


| Vol.XVIII | 2018 August 13 | No.5 |
|---|---|---|


## കൈകോർക്കാം, കരുത്താകാം

കർത്താവിനാൽ ഏറ്റവും സ്നേഹിക്കപ്പെടുന്ന സഹോദരീ സഹോദരന്മാരേ,

കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത പ്രകൃതി ദുരന്തത്തിന്റെ ആഘാതത്തിലാണ് നാമെല്ലാവരും. നാൽപ്പതിലേറെപ്പേർക്ക് ജീവൻ നഷ്ടപ്പെട്ട, ജീവിതകാലം മൊത്തം അദ്ധ്വാനിച്ച് നിർമ്മിച്ച വീടുകൾ തകർത്ത, ജീവസന്ധാരണത്തിനാവശ്യമായ കൃഷിയിടങ്ങൾ ഇല്ലാതാക്കിയ ഈ മഹാവിപത്ത് നമ്മുടെ രൂപതയിലേയും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേയും ആയിരക്കണക്കിന് കുടുംബങ്ങളെ കണ്ണീരിലാഴ്ത്തിയിരിക്കുന്നു. ദുരന്ത സമയത്ത് കേരളത്തിലെ മെത്രാന്മാരോടൊപ്പം വാർഷികധ്യാനത്തിലായിരുന്ന ഞാൻ, ഈ മക്കളെ ഓർത്ത് പ്രത്യേകം പ്രാർത്ഥിച്ചിരുന്നു. ധ്യാനത്തിന് ശേഷം 12-ാം തീയ്യതി ഞാറാഴ്ച തിരിച്ചെത്തിയ അന്ന് തന്നെ, ഈ ദുരന്തത്തിന്റെ മുഖങ്ങളിലൊന്നായ ഇരിട്ടി ഫൊറോനയിലെ പാറക്കപ്പാറ കാരുണ്യമാതാ ഇടവക ഞാൻ മറ്റ് വൈദികരോടും അല്മായ നേതാക്കളോടുമൊപ്പം സന്ദർശിച്ചിരുന്നു. തന്റെ വൽസല പിതാവായ ശ്രീ തോമസിനേയും സഹധർമ്മിണിയായ ശ്രീമതി ഷൈനിയേയും നഷ്ടപ്പെട്ട, സ്വന്തം വീട് പൂർണ്ണമായി തകർന്നുപോയ, പാറക്കപ്പാറ ഇടവകാംഗമായ ശ്രീ. ജെയ്സനെയും, വീടുകൾ നഷ്ടപ്പെട്ട ആ പരിസരത്തുള്ള മറ്റ് സഹോദരങ്ങളേയും സന്ദർശിച്ചപ്പോൾ ഈ മഹാവിപത്തിന്റെ യഥാർത്ഥ ഫലങ്ങൾ നേരിൽ മനസ്സിലാക്കാൻ കഴിഞ്ഞു.

ഇരിട്ടി മേഖലയിലെ കോളിത്തട്ടിലുള്ള ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചത് കണ്ണൂർ രൂപത അവരുടെ വിഷമങ്ങളിൽ അവരുടെ കൂടെയുണ്ട് എന്ന് പറയുവാനായിരുന്നു. മുകളിലാകാശം മാത്രം ബാക്കിയുള്ള ശ്രീ ജെയ്സനെപ്പോലുള്ള നമ്മുടെ സഹോദരങ്ങൾക്ക് കൈത്താങ്ങാകേണ്ടത്, ക്രൈസ്തവ വിശ്വാസത്തിന്റെ ഒഴിവാക്കാനാവാത്ത നിബന്ധന തന്നെയാണ്. ഓണാഘോഷങ്ങളും മറ്റും ഒഴിവാക്കിയോ ലളിതമാക്കിയോ ആ ധനം മുഴുവൻ ദൈവത്തിന്റെ ആ മക്കൾക്ക്, നമ്മുടെ സഹോദരങ്ങൾക്ക് ജീവിതം തിരികെപ്പിടിക്കാൻ സഹായിക്കാൻ ഞങ്ങൾ തയ്യാറാണ് എന്ന് പലരും, നമ്മുടെ പല ഇടവകകളും സ്ഥാപനങ്ങളും, സന്യാസ ഭവനങ്ങളും എന്നെ അറിയിക്കുകയുണ്ടായി. പ്രിയമുള്ളവരെ ഈ സഹനനിമിഷങ്ങളിൽ നമുക്ക് നമ്മുടെ സഹോദരങ്ങളുടെ കണ്ണീരൊപ്പാം.

വസ്തുവകകളുടെ ശേഖരണവും വിതരണവും മറ്റ് പലരും ചെയ്യുന്നതിനാൽ, നമുക്ക് നമ്മുടെ വിലപ്പെട്ട സഹായം പണമായി നൽകാം. ഈ സഹോദരങ്ങൾക്ക് തങ്ങളുടെ ഭവനങ്ങൾ പുനർനിർമ്മിക്കാനും ജീവിതത്തിലേക്ക് തിരികെ വരാനും കൈത്താങ്ങേകാം. നിങ്ങളുടെ ഔദാര്യമാർന്ന സംഭാവനകൾ ഇടവകകൾ, സ്ഥാപനങ്ങൾ, സന്യാസഭവനങ്ങൾ എന്നിവ വഴി രൂപതാ പ്രൊക്യുറേറ്ററെ ഈ മാസം 28-ാം തീയ്യതിക്ക് മുമ്പായി എത്തിച്ചുകൊടുക്കണമെന്നഭ്യർത്ഥിക്കുന്നു.

സ്നേഹനിധിയായ ദൈവം, തന്റെ മക്കളുടെ വിഷമങ്ങൾ അകറ്റാൻ ഒരുമിക്കുന്ന നമ്മെ ഏവരേയും ദുരന്തത്തിൽ അകപ്പെട്ട എല്ലാ മക്കളേയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ സ്നേഹപൂർവ്വം ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം

✝ അലക്സ് വടക്കുംതല
കണ്ണൂർ രൂപതാ മെത്രാൻ

കണ്ണൂർ
13.08.2018

N.B.: *ഈ ലേഖനം 15-ാം തീയ്യതിയോ, 19-ാം തീയ്യതിയോ ദേവാലയങ്ങളിൽ വായിച്ച്, 19-ാം തീയ്യതിയോ, 26-ാം തീയ്യതിയോ സംഭാവനകൾ സ്വീകരിക്കാവുന്നതാണ്.*